# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3701**      **11-12-2018 ൽ മറുപടിയ്ക്ക്**

## ജനറൽ മാനേജർ നിയമനം സംബന്ധിച്ച ഫയലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, വി.എസ്.ശിവകമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ.മുരളീധരൻ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ കെ.ടി. അദീബിനെ നിയമിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും എവിടെയാണെന്ന് വെളിപ്പെടുത്താമോ; | (എ)<br>&<br>(ബി) | ബന്ധപ്പെട്ട ഫയലുകളും രേഖകളും നിയമസഭാചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്ന പ്രക്രിയുടെ ഭാഗമായി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ഫയലുകൾ ഇപ്പോൾ വകുപ്പുമന്ത്രിയുടെ ആഫീസിലാണ്. |
| (ബി) | പ്രസ്തുത രേഖകൾ മന്ത്രിയുടെ ഓഫീസിലാണ് എന്ന് ഫയൽ ട്രാക്കിങ് സിസ്റ്റം വ്യക്തമാക്കുന്നുണ്ടോ; | | |
| (സി) | സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ നിന്നും കെ.ടി. അദീബ് രാജി വയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (സി) | നിയമനവുമായി ബന്ധപ്പെട്ട് ഉണ്ടായ അനാവശ്യ വിവാദങ്ങളെത്തുടർന്ന് ആത്മാഭിമാനം പോലും ചോദ്യചെയ്യപ്പെട്ട സാഹചര്യത്തിൽ സ്ഥാപനത്തിൽ തുടരാൻ പ്രയാസമുണ്ടെന്ന് ടിയാൻ അറിയിക്കുകയും ഡയറക്ടർ ബോർഡ് ശുപാർശയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലേയ്ക്ക് തിരിച്ചയയ്ക്കുകയുമാണുണ്ടായത്. |

**സെക്ഷൻ ഓഫീസർ**